പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2381 | 18.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം -2006**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.കെ.എസ്.സലീഖ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | 2011 മുതൽ 2016 വരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം -2006 പ്രകാരവും, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ പ്രകാരവും സംസ്ഥാനത്ത് (ജില്ല തിരിച്ച്) ലൈസൻസും രജിസ്ട്രേഷനും നല്കുന്ന അധികാര സ്ഥാനങ്ങൾ ആരെല്ലാ മെന്നും ഓരോ വർഷവും എത്ര പേർ രജിസ്ട്രേഷൻ സ്വീകരിച്ചു എന്നും പ്രസ്തുത അധികാര സ്ഥാനത്തിന്റെ കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലൈസൻസ് നൽകുവാനുള്ള അധികാരം അതാത് ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഓഫീസർ (അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി) ക്കും രജിസ്ട്രേഷൻ നൽകുവാൻ അതാത് സ്ഥലങ്ങളിലെ ഫുഡ് സേഫ്റ്റി ഓഫീസർമാരേയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. ആയത്പ്രകാരം സംസ്ഥാനത്ത് 2011 മുതൽ 2016 വരെ നൽകിയ രജിസ്ട്രേഷന്റെ എണ്ണം ജില്ല തിരിച്ച് മറുപടി അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും വിഷലിപ്തമായ ഉല്പന്നങ്ങൾ വില്ക്കുന്നതും, ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ചും റിപ്പോർട്ടു ചെയ്യപ്പെട്ട കേസ്സുകൾ എത്ര; ഭക്ഷ്യ വിഷബാധയേറ്റ് ഓരോ വർഷവും മരണപ്പെട്ടവർ എത്ര; ഇതിനു കാരണക്കാരായ വിപണനക്കാർ ആരെല്ലാം; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ; | ബി) | ഈ സർക്കാർ കാലയളവിൽ വിഷലിപ്തമായ ഉല്പന്നങ്ങൾ വില്ക്കുന്നതും, ഹോട്ടൽ തുടങ്ങിയ മേഖലകളിലെ ഭക്ഷ്യ വിഷബാധ സംബന്ധിച്ച് ഇതിനകം 57 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012 ൽ ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച പ്രോസിക്യൂഷൻ കേസ്സ് നിലവിലുണ്ട്. |
| സി) | 2015-16 വർഷം ഹോട്ടലുകളിൽ എത്ര റെയ്ഡുകൾ നടത്തി എന്നും കുറ്റക്കാരായി എത്ര പേരെ കണ്ടെത്തി എന്നും എത്ര തുകഫൈൻ ആയി ലഭിച്ചു എന്നും മറ്റ് എന്ത് നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു എന്നും വിശദാംശം വ്യക്തമാക്കുമോ? | സി) | 2015-16 വർഷം സംസ്ഥാനമൊട്ടാകെ ഹോട്ടലുകളിൽ 5038 റെയ്ഡ് നടത്തിയതിൽ 153 പേർക്ക് എതിരെ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും 31,65,500/- രൂപ ഫൈനായി ഈടാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

എ)

| ജില്ല | രജിസ്ട്രേഷൻ | | | | |
|---|---|---|---|---|---|
| | 2011 | 2012 | 2013 | 2014 | 2015 |
| തിരുവനന്തപുരം | -- | 4720 | 3607 | 2105 | 1894 |
| കൊല്ലം | -- | 4800 | 1500 | 900 | 2400 |
| പത്തനതിട്ട | -- | 1800 | 3400 | 1311 | -- |
| ആലപ്പുഴ | 2785 | 4263 | 2939 | 839 | 774 |
| കോട്ടയം | -- | 3700 | 3685 | 3500 | 1458 |
| ഇടുക്കി | -- | 2729 | 2398 | 1082 | 447 |
| എറണാകുളം | 2117 | 16770 | 1638 | 1245 | 605 |
| തൃശൂർ | -- | 6847 | 4985 | 4592 | -- |
| പാലക്കാട് | -- | 8476 | 3415 | 1930 | 13821 |
| മലപ്പുറം | -- | 10858 | 2190 | 978 | 857 |
| കോഴിക്കോട് | -- | 13342 | 13326 | 11175 | 675 |
| വയനാട് | -- | 4411 | 2142 | 1662 | -- |
| കണ്ണൂർ | 10065 | 2551 | 1592 | 2449 | 1371 |
| കാസർഗോഡ് | 454 | 3703 | 592 | 374 | 385 |

സെക്ഷൻ ഓഫീസർ.